**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 13.01.2016-ലെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 9 മണിക്ക് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.01.2016-ലെ മിനിട്സ് അംഗീകരിച്ചു

**2. പൊതുവിഷയങ്ങൾ**

**2.1** **1206** തദ്ദേശഭരണ സ്ഥാപനങ്ങൾ **1763.81**കോടി രൂപ (**29.02**%) ചെലവഴിച്ച തായും ഇതിൽ **978** ഗ്രാമപഞ്ചായത്തുകൾ **1037.84** കോടി രൂപയും (**32.64** %), **152**ബ്ലോക്ക് പഞ്ചായത്തുകൾ **232.58** കോടി രൂപയും **31.75%)** **14** ജില്ലാ പഞ്ചായത്തുകൾ **215.90** കോടി രൂപയും (**23.77**%), **58**മുനിസിപ്പാലിറ്റികൾ **165.88**കോടി രൂപയും, (**25.90**%), **5**കോർപ്പറേഷനുകൾ **115.29** കോടി രൂപയും (**18.12**%), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

**2.2** വിവിധ അക്കൗണ്ടുകളിലുള്ള മുഴുവൻ തുകയും ധനകാര്യ വകുപ്പിന്റെ ഉത്തരവിൻ പ്രകാരം VPF 2A അക്കൗണ്ടിലേയ്ക്ക് മാറ്റിയിരിക്കുന്നതു കാരണം പല തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബജറ്റ് തുകയെക്കാൾ കൂടുതൽ തുക അക്കൗണ്ടിലേയ്ക്ക് വന്നിരിക്കുന്നു. ആയത് പരിഹരിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പഞ്ചായത്ത്, ഗ്രാമവികസന, നഗരകാര്യ മന്ത്രിമാരും പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, അംഗം ശ്രീ.സി.പി.ജോൺ, അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) എൽ.സ്.ജി.ഡി പ്രിൻസിപ്പിൽ സെക്രട്ടറി, സെക്രട്ടറി എൽ.എസ്.ജി.ഡി., സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, ഐ.കെ.എം. പ്രതിനിധി എന്നിവരുടെ യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചു.

**2.3** വൃദ്ധർ, വികലാംഗർ, ശിശുക്കൾ എന്നിവരുടെ ക്ഷേമത്തിനും വികസന ത്തിനുമായി പദ്ധതി വിഹിതത്തിന്റെ 10 ശതമാനം നീക്കി വയ്ക്കാനും അതിൽ കുറഞ്ഞത് 3 ശതമാനം വൃദ്ധജനങ്ങൾക്കും ബാക്കി 7 ശതമാനം തുക വികലാംഗർക്കും, ശിശുക്കൾക്കും മാറ്റി വയ്ക്കാനും തീരുമാനിച്ചു. വികലാംഗ ക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകേണ്ടതാണെന്നും തീരുമാനിച്ചു. 2016-17-ലെ പദ്ധതി ആസൂത്രണ മാർഗരേഖയിൽ ഇതിനനുസൃതമായ മാറ്റങ്ങൾ വരുത്തണമെന്ന് കിലയോട് നിർദ്ദേശിച്ചു.

**2.4** പഞ്ചായത്ത് ഡയറക്ടറേറ്റും ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് യോഗം നിർദ്ദേശിച്ചു. 2016-17ൽ പഞ്ചായത്തുകൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിന് നിർബന്ധമായും പ്രോജക്ട് വയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു. അതോടൊപ്പം തന്നെ അംഗൻവാടികളും ആശുപത്രികളും ഐ.എസ്.ഒ നിലവാരത്തിലേയ്ക്ക് ഉയർത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

**2.5** ഇലക്ട്രിഫിക്കേഷൻ ജോലിയുടെ സാങ്കേതികാനുമതി സംബന്ധിച്ച് നിലവി ലുള്ള 21.11.2014-ലെ സ.ഉ(സാധാ)നം.3033/2014/തസ്വഭവ നമ്പർ ഉത്തരവിന്റെ പരിധിയിൽ മുനിസിപ്പാലിറ്റികളെയും മുനിസിപ്പൽ കോർപ്പറേഷനുകളെയും കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു.

2.6 കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ സാമൂഹ്യ സംരംഭങ്ങളും നൂതന പദ്ധതികളും പ്രോത്സാഹിപ്പിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "സന്ദേശ് വൺ" കൃഷി, ആരോഗ്യം, മാലിന്യ സംസ്ക്കരണം, ജലസംരക്ഷണം, ഊർജ്ജം, സാമൂഹ്യ സുരക്ഷ തുടങ്ങിയ ഉൽപാദന സേവന പശ്ചാത്തല മേഖലകളിലെ പദ്ധതികളാണ് 'സന്ദേശ് വൺ' അവതരിപ്പിക്കുന്നത്. പ്രസ്തുത പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ വാർഷിക പദ്ധതിയുമായി ഏകോപിപ്പിച്ച് നടപ്പിൽ വരുത്തുന്നതിനുള്ള അനുമതി നൽകിയിരിക്കുന്നു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 വൈക്കം നഗരസഭ (ഫയൽ നം.24224/ആർ.സി.4/15/തസ്വഭവ

നഗരസഭാ പ്രദേശത്തെ 50 സെന്റ് സ്ഥലവും കെട്ടിടവും ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് സൗജന്യമായി വിട്ടുനൽകുന്നതിന് അനുമതി നൽകണമെന്ന ആവശ്യത്തിന്മേൽ ഭരണ വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്

പ്രസിദ്ധ സംഗീത സംവിധായകനായ രവീന്ദ്രൻ മാസ്റ്ററുടെ സ്മരണാർത്ഥം സംഗീത മത്സരവും അവാർഡ് ദാനവും നടത്താൻ അനുവദിക്കണമെന്ന ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു.ആയതിന് 1 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി. എന്നാൽ അദ്ദേഹത്തിന്റെ ജന്മദേശത്തെ സ്മാരക നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിയുന്നില്ല എന്നത് ഒരു വൈരുദ്ധ്യമാണെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 കോട്ടയ്ക്കൽ നഗരസഭ

തെരുവുവിളക്ക് പരിപാലനം സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 കാമാക്ഷി ഗ്രാമപഞ്ചായത്ത്

വനിത ഘടക പദ്ധതി ഫണ്ട് കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാനുള്ള ഗ്രാമപഞ്ചായത്തിന്റെ ആവശ്യം സംയുക്ത പദ്ധതി എന്ന നിലയിൽ അംഗീകരിക്കാത്ത ജില്ലാ പഞ്ചായത്തിന്റെ നടപടിയിൽ അനൗചിത്യമില്ലെന്നും ഇത്തരമൊരു പ്രോജക്ട് രൂപവൽക്കരിച്ചവർക്കെതിരെ നടപടി സ്വീകരിക്കുക യാണ് വേണ്ടതെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.5 ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത്

പഞ്ചായത്ത് നടപ്പിലാക്കുന്ന മാലിന്യ സംസ്ക്കരണ പദ്ധതിക്ക് ലോറി വാടകയ്ക്ക് എടുക്കുന്നതിനും ജീവനക്കാരെ ദിവസ വേതനത്തിൽ നിയോഗിക്കുന്നതിനും അനുമതി നൽകണമെന്ന ആവശ്യത്തിൽമേൽ ഭരണ വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 മൂന്നിലവ് ഗ്രാമപഞ്ചായത്ത്**

സബ്സിഡി നൽകുന്ന ഏതൊരു പ്രോജക്ടിലും ആസ്തികൾ കൈമാറ്റം ചെയ്യുന്നതും ദുരുപയോഗം ചെയ്യുന്നതും തടയുന്നതിന് എഗ്രിമെന്റ് വയ്ക്കുന്നതിൽ തെറ്റില്ലെന്നും എന്നാൽ അതിന്റെ ചെലവ് തദ്ദേശഭരണ സ്ഥാപനം വഹിക്കുന്നതാണ് ഉചിതമെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 പെരുവയൽ ഗ്രാമപഞ്ചായത്ത്**

ജില്ലാ പഞ്ചായത്ത് പദ്ധതി പ്രകാരം നേരത്തെ എഗ്രിമെന്റ് വച്ച് പണി പൂർത്തീകരിക്കാത്ത 3 പട്ടികജാതി ഗുണഭോക്താക്കൾക്ക് ശേഷിക്കുന്ന ഇൻസ്റ്റാൾമെന്റ് അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(രാവിലെ 10 മണിക്ക് അവസാനിച്ചു)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 2016 ജനുവരി 20 ന് രാവിലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുന്നതാണ്.**